ചെയ്യുകയും ആയതു തെളിയിക്കാൻ കഴിയാത്ത കേസ്സായി തലശ്ശേരി അഡീഷണൽ ചീഫ് മജിസ്ട്രേറ്റ് കോടതി മുൻപാകെ 4.8.99 ന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുമുണ്ട്.

## തങ്ങൾക്കുഞ്ഞ് പോലീസ് കസ്റ്റഡിയിൽ മരിച്ച സംഭവം

79 (735)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ തങ്ങൾകുഞ്ഞ് എന്ന ആൾ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട സംഭവത്തിൽ ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) സംഭവ ദിവസം അധികാര പരിധിവിട്ട് പോലീസ് തങ്ങൾകുഞ്ഞിനെ കസ്റ്റഡിയിൽ എടുക്കുവാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് ഗവൺമെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഏതുദ്യോഗസ്ഥന്റെ നിർദ്ദേശാനുസരണമാണ് അധികാര പരിധി വിട്ട് പോലീസ് നടപടി സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ ഉദ്യോഗസ്ഥന് എതിരെ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തങ്ങൾകുഞ്ഞ് പോലീസ് കസ്റ്റഡിയിൽ മരിക്കാനിടയായ സംഭവത്തിന് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ചെയ്ത കേസ് ക്രൈം 167/സി. ആർ/198 ആയി റീനമ്പർ ചെയ്ത് അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രതികൾ പോലീസ് ഉദ്യോഗസ്ഥരായതിനാൽ സെക്ഷൻ 197 സി.ആർ.പി.സി.പ്രകാരം പ്രതികളെ പ്രോസിക്യൂട്ട് ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ തങ്ങൾകുഞ്ഞിന്റെ ഭാര്യ ഡോ.രാധാമണി ഹൈക്കോടതിയിൽ ഒ.പി. നം.9167/99 ആയി ഹർജി ഫയൽ ചെയ്തിട്ടുള്ളതിനാൽ ആയതിന്റെ തീർപ്പു കൽപ്പിച്ചതിനുശേഷം മാത്രമേ കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിക്കാൻ കഴിയുകയുള്ളൂ. ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശാനുസരണം തങ്ങൾകുഞ്ഞിന്റെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപ അനുവദിക്കുകയും അതിൽ ഒന്നര ലക്ഷം രൂപ അഞ്ചുവർഷത്തേയ്ക്ക് പുന്നപ്ര എസ്.ബി.റ്റി.യിൽ സ്ഥിരനിക്ഷേപം നടത്തുകയും ബാക്കി തുക അവകാശികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആരുടേയും നിർദ്ദേശപ്രകാരമല്ല. ആലപ്പുഴ സൗത്ത് പോലീസ് എസ്.ഐ. ആയിരുന്ന ശ്രീ. ജോൺ വർഗ്ഗീസ് സ്വന്തം നിലയിലാണ് നടപടി സ്വീകരിച്ചത്.

(ഡി) ഈ ഉദ്യോഗസ്ഥനെതിരെ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly